LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചിത്താരി കടപ്പുറത്ത് കടലാക്രമണം തടയുന്നതിനായി 1000 മീറ്റർ നീളത്തിൽ (ചെയിനേജ് 51/1000 മുതൽ 52/000 കി.മീ. വരെ) പുതിയ കടൽഭിത്തി നിർമ്മാണത്തിന് 595 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രൊപ്പോസൽ നബാർഡ് RIDFXX-ൽ ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ അഭാവത്തിൽ അനുമതി നൽകിയിട്ടില്ല. കൂടാതെ 1500 മീറ്റർ നീളത്തിൽ (ചെയിനേജ് 49/500 മുതൽ 51/000 കി.മീ. വരെ) പുതിയ കടൽഭിത്തി നിർമ്മിക്കാൻ 1050 ലക്ഷം രൂപ അടങ്കൽ തുകയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അഭാവത്തിൽ അനുമതി നൽകിയിട്ടില്ല.

പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന്റെ കീഴിലുള്ള പ്രവൃത്തികൾ

191 (883) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സൈഡ് സംരക്ഷണ പ്രവൃത്തി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) ഈ പദ്ധതി എന്ന് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് സർക്കാർ വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്കായി നാളിയുവരെ എത്ര തുക ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തിക്കായി 20-12-2014-ലെ ജി.ഒ.(എം.എസ്) നമ്പർ 113/2014/ജ.വി.വ ഉത്തരവ് പ്രകാരം 78.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

(ബി) പലകപ്പാണ്ടി പുഴയിൽ ഒരു തടയണയും പാത്തിപ്പാറ, ശുക്രിയാർ എന്നിവിടങ്ങളിലായി 3 തടയണകളും 3.93 കി.മീ. ദൈർഘ്യമുള്ള കനാലും നിർമ്മിച്ച് ചുള്ളിയാർ ജലസംഭരണിയിൽ വെള്ളം എത്തിക്കുന്ന പ്രവൃത്തി 4 ഭാഗങ്ങളിലായി തിരിച്ച്

2005 ഒക്ടോബറിൽ പണിയാരംഭിക്കുകയും 2014 മേയ് 30-ാം തീയതി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള പ്രവൃത്തികൾ 2015 നവംബർ 3-ഓടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിക്കായി ഇതുവരെയുള്ള പണികൾ പൂർത്തീകരിക്കുന്നതിനായി 12.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട്

192 (884) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകളിലെ പൊതുകുളങ്ങൾ പുനരുദ്ധരിച്ച് നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ എത്ര പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കി ; ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിന് എത്ര തുക വീതം ഫണ്ട് ലഭ്യമാക്കി ; വ്യക്തമാക്കുമോ ?

ഉത്തരം

2011 മേയ് മാസത്തിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിലെ 5 പൊതുകുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പുരക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്

193 (885) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്തിലെ ഏര്യം പുഴയ്ക്ക് കുറുകെ പുരക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ചെറുകിട ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ ഡിസൈൻ തയ്യാറാക്കി നബാർഡിന്റെ അടുത്ത RIDF സ്കീമിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly